## ഇടത് വോട്ട് ചിതറിയില്ലെങ്കിൽ കോട്ടയത്ത് വിജയം ഉറപ്പ്

# രാജ്യസഭാ സീറ്റ്: വിട്ടുവീഴ്ച വേണ്ടെന്ന് കേരള കോൺഗ്രസ് (എം)

● ഷാലു മാത്യു
കോട്ടയം

സംസ്ഥാനത്ത് ഒഴിവുവരുന്ന മൂന്നു രാജ്യസഭാ സീറ്റുകളിൽ ഇടതുപക്ഷത്തിനു ലഭിക്കുന്ന രണ്ടെണ്ണത്തിൽ ഒന്നിൽ അവകാശവാദം ഉന്നയിച്ച് കേരള കോൺഗ്രസ് (എം). രാജ്യസഭാ സീറ്റിന്റെ കാര്യത്തിൽ വിട്ടുവീഴ്ച വേണ്ടന്നു കേരള കോൺഗ്രസ് (എം) സ്റ്റിയറിങ് കമ്മറ്റി യോഗം തീരുമാനിച്ചു. ഒഴിവുവരുന്നതു കേരള കോൺഗ്രസിന് അവകാശപ്പെട്ട സീറ്റാണെന്നും അതിനാൽ ഈ ആവശ്യം ഉന്നയിച്ച് എൽ.ഡി.എഫ്. നേതൃത്വത്തെ സമീപിക്കാനും സ്റ്റിയറിങ് കമ്മിറ്റി യോഗം തീരുമാനിച്ചു. പാർട്ടി ചെയർമാൻ ജോസ് കെ. മാണിയാണ് ഇപ്പോൾ പാർട്ടിയെ പ്രതിനിധീകരിച്ചുള്ള രാജ്യസഭാംഗം. അതുകൊണ്ടുതന്നെ കേരള കോൺഗ്രസ് എമ്മിന് അവകാശപ്പെട്ട സീറ്റാണിതെന്ന് സ്റ്റിയറിങ് കമ്മറ്റി ചൂണ്ടിക്കാട്ടി.

വരുന്ന ജൂലൈ ഒന്നിനാണ് സി.പി.എം. നേതാവ് എളമരം കരീം, സി.പി.ഐ. സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, കേരള കോൺഗ്രസ് (എം) ചെയർമാൻ ജോസ് കെ. മാണി എന്നിവരുടെ രാജ്യസഭാ കാലാവധി തീരുന്നത്. ഇടതുമുന്നണിയുടെ മൂന്നുപേർ ഒഴിയുമ്പോൾ നടക്കുന്ന തെരഞ്ഞെടുപ്പിൽ, എം.എൽ.എ.മാരുടെ എണ്ണമനുസരിച്ച് രണ്ടുപേരെയേ മുന്നണിക്ക് ജയിപ്പിക്കാനാവൂ. സി.പി.ഐ.യുടെയും കേരള കോൺഗ്രസ് എമ്മിന്റെയും ഏറ്റവും മുതിർന്ന നേതാക്കൾ ഒഴിയുന്ന സീറ്റ് വീണ്ടും നിലനിർത്തേണ്ടതു രണ്ടുപാർട്ടികളുടെയും ആവശ്യമാണ്. അതേസമയം, മൂന്ന് സീറ്റിൽ ഒന്ന് തങ്ങളുടേതാണെന്നും അതിൽ വിട്ടുവീഴ്ച വേണ്ടെന്നുമുള്ള നിലപാടാണു സി.പി.ഐക്ക്. മുന്നണി യോഗത്തിൽ സീറ്റിന്റെ കാര്യത്തിൽ വിട്ടുവീഴ്ച വേണ്ടെന്നാണു സി.പി.ഐക്കുള്ളിലെ പൊതുവികാരം.

വിഷയം ഇതുവരെ ഇടത് മുന്നണി ചർച്ച ചെയ്തിട്ടില്ല. ഒഴിവ് വരുന്ന സീറ്റ് സി.പി.ഐയുടേത് ആണെന്നും ആ സീറ്റ് മറ്റാർക്കും അവകാശപ്പെട്ടതല്ലെന്നും പാർട്ടി നേതൃത്വം നിലപാടെടുത്തു. ഒഴിവു വരുന്ന മൂന്നു രാജ്യസഭ സീറ്റുകളിൽ ഒന്നിൽ അവകാശവാദം ഉന്നയിക്കാൻ കേരള കോൺഗ്രസ് നീക്കം സജീവമാക്കിയതോടെയാണ് സി.പി.ഐയും നിലപാട് കടുപ്പിച്ചത്.

ഇന്നലെ ചേർന്നു കേരള കോൺഗ്രസ് (എം) സ്റ്റിയറിംഗ് കമ്മറ്റി യോഗത്തിൽ കേരള കോൺഗ്രസ് (എം) സ്ഥാനാർത്ഥിയായി മത്സരിച്ച തോമസ് ചാഴികാടന്റെ വിജയം സുനിശ്ചിതമാണെന്നു യോഗം വിലയിരുത്തി. ഇടതു വോട്ടുകളിൽ വിള്ളൽ ഉണ്ടായില്ലെങ്കിൽ കോട്ടയത്ത് ഇടതു മുന്നണിയുടെ വിജയം ഉറപ്പാണ്. മുൻ വർഷങ്ങളിൽ ഇടതുമുന്നണിക്കു ലഭിച്ച വോട്ടുകൾ ഇത്തവണയും ലഭിക്കാതിരിക്കാനുള്ള ഒരു സാഹചര്യവും നിലവിലില്ലെന്നാണ് കേരള കോൺഗ്രസി(എം)ന്റെ വിലയിരുത്തൽ. 2019–ലെയും 2014 ലെയും തെരഞ്ഞെടുപ്പിൽ ഇടതുമുന്നണി മുന്നണി കോട്ടയത്ത് മൂന്നു ലക്ഷത്തിലേറെ വോട്ടുകൾ നേടിയിട്ടുണ്ട്. ഇതിനൊപ്പം കേരള കോൺഗ്രസിന്റെ വോട്ടുകളും നിഷ്പക്ഷമതികളായ വോട്ടർമാരുടെ വോട്ടുകളും കൂടി ചേർത്താൽ വിജയം ഉറപ്പാണെന്നും സ്റ്റിയറിംഗ് കമ്മറ്റി വിലയിരുത്തി.

### അഞ്ചു സീറ്റിൽ വിജയം ഉറപ്പ്: ജോസ് കെ. മാണി

കോട്ടയം: കോട്ടയം, ഇടുക്കി, പത്തനംതിട്ട, മാവേലിക്കര, ചാലക്കുടി എന്നീ പാർലമെന്റ് സീറ്റുകളിൽ എൽ.ഡി.എഫ്. വിജയം നേടുമെന്ന് കേരള കോൺഗ്രസ് (എം) ചെയർമാൻ ജോസ് കെ മാണി. കേരള കോൺഗ്രസ് എം സ്റ്റിയറിങ് കമ്മിറ്റി യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരള കോൺഗ്രസ് മുന്നണിയുടെ ഭാഗമായപ്പോൾ എൽ.ഡി.എഫിനു തുടർഭരണം ലഭിക്കാൻ കേരളത്തിൽ വഴിയൊരുക്കി. പാർലമെന്റ് തെഞ്ഞെടുപ്പ് ഫലത്തിലും ഈ വിജയ രീതി ആവർത്തിക്കും.കേരള കോൺഗ്രസ് –എം സ്വാധീന മേഖലകളിലെല്ലാം യു.ഡി.എഫ് വൻ പരാജയം ഏറ്റുവാങ്ങുമെന്നും ജോസ് കെ.മാണി പറഞ്ഞു.

മന്ത്രി റോഷി അഗസ്റ്റിൻ, കേരള കോൺഗ്രസ് വൈസ് ചെയർമാൻമാരായ തോമസ് ചാഴികാടൻ, ഡോ. എൻ.ജയരാജ്, പി. കെ. സജീവ്,പാർട്ടി സംസ്ഥാന ഓഫീസ് ചാർജ് ജനറൽ സെക്രട്ടറി ഡോ.സ്റ്റീഫൻ ജോർജ്, എം.എൽ.എമാരായ ജോബ് മൈക്കിൾ, പ്രമോദ് നാരായണൻ, സെബാസ്റ്റ്യൻ കുളത്തുങ്കൽ എന്നിവർ പ്രസംഗിച്ചു.

### കെ.എൻ.ബാലഗോപാലിന് ആൻജിയോപ്ളാസ്റ്റി ശസ്ത്രക്രിയ

തിരുവനന്തപുരം: ഹൃദ്രോഗത്തെ തുടർന്ന് ധനമന്ത്രി കെ. എൻ.ബാലഗോപാലിന് ആൻജിയോപ്ളാസ്റ്റി ശസ്ത്രക്രിയയ്ക്ക് വിധേയനാക്കി. ഇന്നലെ മെഡിക്കൽ കോളേജ് ആശുപത്രിയിലായിരുന്നു ശസ്ത്രക്രിയ. രണ്ടുദിവസം മുമ്പ് പതിവ് പരിശോധനയ്ക്കായി മെഡിക്കൽ കോളേജിൽ എത്തിയപ്പോഴാണ് ഹൃദയധമനികളിൽ ബ്ളോക്ക് കണ്ടെത്തിയത്. തുടർന്ന് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയായിരുന്നു. ശസ്ത്രക്രിയയ്ക്ക് ശേഷം ഐ.സി.യുവിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ നിരീക്ഷണത്തിൽ ആണ് അദ്ദേഹം. മന്ത്രിയുടെ ആരോഗ്യനില തൃപ്തികരമാണെന്ന് ഡോക്ടർമാർ അറിയിച്ചു.

## ❑ വിലനിലവാരം

### സ്വർണ വില താഴ്ന്നു

● കൊച്ചി

● വെളിച്ചെണ്ണ
വെളിച്ചെണ്ണ .....15,300
വെളിച്ചെണ്ണ : മില്ലിങ്.....15,800
കൊപ്ര.....10100–10300

● പിണ്ണാക്ക്
എക്സ്പെല്ലർ .....2700
പിണ്ണാക്ക് റോട്ടറി .....3000

● കുരുമുളക്
അൺഗാർബിൾഡ് ...57,700
പുതിയ കുരുമുളക്.....56,700
കുരുമുളക് ഗാർബിൾഡ്.....59,700

● ചുക്ക്
ചുക്ക് മീഡിയം .....36,000
ചുക്ക് ബെസ്റ്റ് .....38,000

● മഞ്ഞൾ
മഞ്ഞൾനാടൻ .....15,000
സേലം.....17,000
ഈറോഡ് .....ഇല്ല
കാഞ്ഞിരകുറു.....1850
അടയ്ക്ക ..... 30,000
അടയ്ക്ക പുതിയത്.....33,000
പഞ്ചസാര.....4120
മുളക്.....27,500
ഉഴുന്ന്.....10,900–11,600
ചെറുപയർ.....10,300–11,800
കടല.....6300–9800
മുതിര..... 7500
എള്ള്.....20,000
മല്ലി.....7800–9200
പച്ചരിനമ്പർ..... 14600
പുഴുക്കലരി ജയ.....4200

● ജാതിക്ക
തൊണ്ടൻ കിലോ.....220–250
തൊണ്ടില്ലാത്ത് .....400–450
ജാതിപത്രിചുവപ്പ്മഞ്ഞ .....1050–1350
ജാതി ഫ്ളവർ ചുവപ്പ്–1300–1600
ജാതി ഫ്ളവർ മഞ്ഞ–1400–1700
ഗ്രാമ്പൂ .....900–960
കാലടി വിപണി
ജാതിക്കതൊണ്ടൻകിലോ..... 200–250
ജാതിക്കതൊണ്ടില്ലാത്ത് –400–450
ജാതിപത്രിചുവപ്പ്മഞ്ഞ –1050–1350
ജാതി ഫ്ളവർ ചുവപ്പ്മഞ്ഞ–1400–1700

●റബർ
ആർഎസ് എസ് 5 ഗ്രേഡ്–17,200–17,700
ആർഎസ് എസ് 4 ഗ്രേഡ്–17,900
ഒട്ടുപാൽ.....11,000
ലാറ്റക്സ്.....12,400
സ്വർണം പവൻ.....53,720

### അന്താരാഷ്ട്ര മ്യൂസിയം ദിനാചരണം 18ന്

തിരുവനന്തപുരം: മ്യൂസിയം മൃഗശാല വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം, തൃശൂർ, കോഴിക്കോട്, കണ്ണൂർ, വയനാട് ജില്ലകളിലെ മ്യൂസിയത്തിൽ സംഘടിപ്പിക്കുന്ന 2024 ലെ അന്താരാഷ്ട്ര മ്യൂസിയം ദിനാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മേയ് 18നു രാവിലെ 11ന് പുരാവസ്തു, പുരാരേഖ, മ്യൂസിയം വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കും. മ്യൂസിയം പരിസരത്തുള്ള ബാന്റ് സ്റ്റാന്റിലാണ് പരിപാടി. തിരുവനന്തപുരം മ്യൂസിയം പരിസരത്ത് സെമിനാറുകൾ, നാടൻപാട്ട്, കമ്മാട്ടിക്കളി, പരുന്താട്ടം, ഓപ്പൺ ക്വിസ്സ് എന്നിവയും, നേപ്പിയർ മ്യൂസിയത്തിൽ പൈതൃക വസ്തുക്കളുടെ പ്രത്യേക പ്രദർശനവും തൃശൂർ, കോഴിക്കോട്, കണ്ണൂർ, വയനാട് ജില്ലകളിലെ മ്യൂസിയങ്ങളിൽ വിവിധ സാംസ്കാരിക പരിപാടികളുടെ ഭാഗമായി ഓപ്പൺ ക്വിസ്, സെമിനാറുകൾ, പൈതൃക കലാരൂപങ്ങൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.

**CHANGE OF NAME**

I, AJMAL MUHAMMED J N Passport Number H9867512 do here by change my name in the passport from AJMAL MUHAMMED to AJMAL MUHAMMED J N according to my adhaar number 683606576408(or DL). I also undertake the change in all my other public documents.

### ഹരിഹരന്റെ വീട് ആക്രമിച്ചത് ഡി.വൈ.എഫ്.ഐക്കാരെന്നു പോലീസ്

കോഴിക്കോട്: ആർ.എം.പി. നേതാവ് കെ.എസ്. ഹരിഹരന്റെ വീട് ആക്രമിച്ചത് സി.പി.എം, ഡി.വൈ.എഫ്.ഐ. പ്രവർത്തകരെന്ന് പോലീസിന്റെ എഫ്.ഐ.ആർ. ഗേറ്റിനു മുന്നിൽ സ്ഫോടക വസ്തുക്കൾ പൊട്ടിക്കുകയായിരുന്നെന്നും എഫ്.ഐ.ആറിൽ പറയുന്നു. സംഭവത്തിൽ കണ്ടാലറിയുന്ന മൂന്നു പേർക്കെതിരേയാണ് കേസെടുത്തത്. വടകരയിൽ രജിസ്റ്റർ ചെയ്ത കാറിന്റെ ആർ.സി. ഉടമയിൽനിന്ന് പ്രതികളെക്കുറിച്ചുള്ള വിവര ശേഖരണം തുടങ്ങി. പ്രതികളെത്തിയ കാറിനെക്കുറിച്ചു ഹരിഹരൻ മൊഴി നൽകിയിരുന്നു. സ്ഫോടകവസ്തു നിയമപ്രകാരമാണ് കേസ്. വീടിന് മുന്നിലെത്തി ഹരിഹരനെ അസഭ്യം പറഞ്ഞതിനും കേസെടുത്തിട്ടുണ്ട്. സ്ഫോടക വസ്തു എറിയുകയായിരുന്നില്ല, ബോംബ് അവിടെ വച്ച് പൊട്ടിച്ചതാണെന്നാണ് ബോംബ് സ്കാഡ് പരിശോധനയിൽ കണ്ടെത്തിയത്.

ആക്രമണം സി.പി.എം. നേതൃത്വത്തിന്റെ അറിവോടെയാണെന്ന് ആർഎംപി കുറ്റപ്പെടുത്തി. കണ്ണൂർ മോഡൽ ആക്രമണമാണ് നടത്തിയത്. പാനൂർ ബോംബ് സ്ഫോടനത്തിന്റെ തുടർച്ചയാണിത്. സി.പി.എമ്മിനെതിരേ സംസാരിക്കുന്നവരുടെ വായ മൂടാനാണ് ശ്രമമെന്നും ആർ.എം.പി. നേതാവ് വേണു അഭിപ്രായപ്പെട്ടു.

തന്റെ വിവാദ പരാമർശവുമായി ബന്ധപ്പെട്ടു പരസ്യമായി മാപ്പ് പറഞ്ഞാൽ തീരില്ലെന്ന സി.പി.എം. കോഴിക്കോട് ജില്ലാ സെക്രട്ടറിയുടെ പ്രസ്താവനയ്ക്കു പിന്നാലെയാണ് ബോംബ് പൊട്ടിയതെന്ന് കെ.എസ്. ഹരിഹരൻ പറഞ്ഞു. സി.പി.എം. തനിക്കെതിരേ നടത്തിയ പ്രതിഷേധ സമരത്തിലെ കൊലവിളി മുദ്രാവാക്യത്തിനു ശേഷമായിരുന്നു ബോംബേറ്. കടക്കാട്ടുപാറ റോഡിലെ തന്റെ വീടിന്റെ ചുറ്റുമതിലിൽ തട്ടി പൊട്ടിത്തെറിച്ചതിനാൽ വൻ അപകടം ഒഴിവായി. സ്കൂട്ടറിലെത്തിയ മൂന്നംഗ സംഘമാണ് സ്ഫോടകവസ്തു എറിഞ്ഞത്. സംഭവം ദിവസം ഉച്ചക്ക് മൂന്നര മണിയ്ക്ക് ഒരു സംഘം കാറിലെത്തി അസഭ്യം പറയുകയും ഭീഷണിപെടുത്തുകയും ചെയ്തു. കാറിന്റെ നമ്പർ പോലീസിന് കൈമാറിയിട്ടുണ്ട്.–ഹരിഹരൻ പറഞ്ഞു.

### കേരള സംസ്ഥാന ഭാഗ്യക്കുറി WIN WIN W-769 DRAW RESULT 13/05/2024

ഒന്നാം സമ്മാനം ₹75 ലക്ഷം WY 743663 ആറ്റിങ്ങൽ

സമാശ്വാസ സമ്മാനം ₹8000: WN 743663 WO 743663 WP 743663 WR 743663 WS 743663 WT 743663 WU 743663 WV 743663 WW 743663 WX 743663 WZ 743663

രണ്ടാം സമ്മാനം ₹5 ലക്ഷം WO 984235 തിരൂർ

മൂന്നാം സമ്മാനം ₹1 ലക്ഷം: WN 755550 WO 903922 WP 425278 WR 118710 WS 532989 WT 171264 WU 468586 WV 985350 WW 324223 WX 647203 WY 365219 WZ 215249

താഴെ കാണുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക് ആകെ സമ്മാനം ₹1000

നാലാം സമ്മാനം ₹5000: 2090 2241 2673 3164 3934 4115 4153 5949 6070 6083 6255 6269 6554 7695 8344 8367 8534 8619

അഞ്ചാം സമ്മാനം ₹2000: 1011 2440 3027 4108 4641 5327 5942 8428 9382 9697 1010 1130 3237 3767 4920 5437 6319 6403 6479 6527 8097 8529 8696 9991

ഏഴാം സമ്മാനം ₹500: 0011 0101 0235 0340 0395 0496 0540 0904 0913 1105 1301 1398 1607 1640 1745 1751 1864 1903 1924 2131 2161 2274 2540 2672 3034 3118 3158 3228 3660 3755 3796 3872 3952 4045 4346 4485 4507 4578 4608 4750 4923 5317 5438 5641 5656 5771 5813 5872 5963 5966 6139 6321 6480 6582 6971 7051 7119 7159 7270 7533 7791 7793 8019 8123 8273 8387 8596 8629 8651 8678 8778 8853 8916 8923 8987 9074 9085 9348 9378 9818 9878

എട്ടാം സമ്മാനം ₹100: 0089 0200 0286 0315 0589 0623 0757 0761 0837 0865 0917 1020 1047 1075 1094 1101 1143 1492 1512 1559 1580 1725 1758 1792 1796 1834 2286 2424 2504 2628 2681 2694 2836 2995 3049 3050 3150 3153 3160 3165 3199 3269 3431 3451 3457 3578 3614 3677 3692 3704 3747 3882 3951 4055 4103 4156 4274 4442 4562 4629 4913 4938 4961 4975 5058 5069 5103 5135 5387 5448 5717 5794 5969 6038 6107 6121 6123 6159 6240 6292 6341 6808 6819 6864 7099 7213 7374 7492 7658 7714 7738 7788 7807 7888 7946 8111 8191 8302 8309 8322 8356 8578 8703 8739 8858 8908 8926 8962 9007 9070 9293 9319 9370 9471 9527 9529 9552 9581 9712 9737 9816 9856 9912 9957 9963 9986

ഒപ്പുവച്ച് അവിൽബുക്ക് ലോട്ടറി ഏജന്റുമാരുടെ ലൈസൻസ് റദ്ദാക്കുന്നതാണ്. നറുക്കെടുത്ത ഫലം വിജ്ഞാപനം ചെയ്യുന്നതിനായി www.statelottery.kerala.gov.in

### 2014– 24 കാലയളവിൽ സൃഷ്ടിക്കപ്പെട്ടത് 51.4 കോടി തൊഴിലവസരങ്ങൾ: സ്കോച്ച് റിപ്പോർട്ട്

തിരുവനന്തപുരം: 2014 മുതൽ ഓരോ വർഷവും ശരാശരി 5.14 കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് മോദിനോമിക്സിന്റെ തൊഴിൽ സൃഷ്ടിക്കൽ സ്വാധീനം: സമീപനത്തിലെ അടിസ്ഥാനമാറ്റങ്ങൾ എന്ന തിനെക്കുറിച്ചുള്ള സ്കോച്ച് റിപ്പോർട്ട് പറയുന്നു.

2014–24 കാലയളവിൽ ആകെ 51.4 കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. പിഎംഎംവൈ മാത്രം ശരാശരി 2.52 കോടി സുസ്ഥിര തൊഴിലവസരങ്ങൾ ?പ്രതിവർഷം സൃഷ്ടിച്ചു. ഇതിൽ 19.79 കോടി തൊഴിലവസരങ്ങൾ സൃഷ്ടിച്ചത് ഭരണ നേതൃത്വത്തിലുള്ള ഇടപെടലുകളാണ്. ബാക്കി, 31.61 കോടി, വായ്പാതലത്തിലുള്ള ഇടപെടലുകൾ വഴിയാണ്. കഴിഞ്ഞ ഒമ്പത് വർഷത്തിനിടെ വായ്പ അന്തരം 12.1% കുറഞ്ഞതായി പഠനങ്ങൾ വ്യക്തമാക്കുന്നു.

മോദിനോമിക്സിന്റെ ഫലങ്ങൾ 2014–24: സ്കോച്ച് ഗ്രൂപ്പിന്റെ റിപ്പോർട്ട് കാർഡ് പരമ്പരയിലെ അഞ്ചാമത്തെ റിപ്പോർട്ടാണിത്. വായ്പാധിഷ്ഠിത ഇടപെടലുകൾ പ്രതിവർഷം ശരാശരി 3.16 കോടി തൊഴിലവസരങ്ങൾ ചേർത്തപ്പോൾ, ഗവൺമെന്റ് നേതൃത്വത്തിലുള്ള ഇടപെടലുകൾ 1.98 കോടി തൊഴിലവസരങ്ങൾ കൂട്ടിച്ചേർത്തതായും റിപ്പോർട്ട് ഒരുക്കിയ സ്കോച്ച് ഗ്രൂപ്പ് ചെയർമാൻ സമീർ കൊച്ചാർ പറഞ്ഞു.

സുസ്ഥിരമായി തൊഴിൽ സൃഷ്ടിക്കാൻ മൈക്രോ ലോണുകൾ ഉപയോഗിക്കുന്നുണ്ടെന്നും പഠനം കണ്ടെത്തി. 12 കേന്ദ്ര പദ്ധതികൾ കണക്കിലെടുത്താണ് റിപ്പോർട്ടിനാവശ്യമായ പഠനം നടത്തിയത്.

**HDFC BANK** രജി. ഓഫീസ് എച്ച്.ഡി.എഫ്.സി. ബാങ്ക് ഹൗസ്, സേനാപതി, ബപത് മാർഗ്, ലോവർ പരേൽ, മുംബൈ

**കൈവശാവകാശ അറിയിപ്പ്**

**(സെക്യൂരിറ്റി ഇന്ററസ്റ്റ് എൻഫോഴ്സ്മെന്റ് റൂൾസ് 2002 അനുബന്ധം IV റൂൾ 8(1) പ്രകാരം)**

എച്ച്.ഡി.എഫ്.സി ബാങ്കിന്റെ താഴെ ഒപ്പിട്ട അധികാരപെടുത്തിയ ഉദ്യോഗസ്ഥൻ 2002–ാം മാണ്ടി ലെ സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ് മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് (54 of 2002) വകുപ് 13(2), റീഡ് വിത്ത് റൂൾ 3 പ്രകാരം വായ്പാ കാരായ **മിസ്. ഉഷാ കുമാരി ആർ,** അനി നിവാസ് പള്ളിമുക്ക് , പേയാട് പി.ഒ,വിളവൂർക്കൽ മലയിൻകീഴ്, പേയാട്, തിരുവനന്തപുരം, കേരളം–695573 എന്നിവർക്ക് 04-08-2023 -ൽ നോട്ടീസ് അയക്കുകയും, പ്രസ്തുത നോട്ടീസ് പ്രകാരം കുടിശ്ശിക യായിട്ടുള്ള തുക **രൂപ 5,34,411.09/-** (അഞ്ച് ലക്ഷത്തി മുപ്പത്തി നാലായിരത്തി നാനൂറ്റി പതിനൊന്ന് രൂപ പൂജ്യം ഒമ്പത് പൈസ മാത്രം) നോട്ടീസ് കൈപ്പറ്റി 60 ദിവസത്തിനകം തിരിച്ചടക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു.

എന്നാൽ കുടിശിക തുക അടച്ചു തീർക്കാത്തതിനാൽ 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്)ചട്ടം 8–നോടൊപ്പം വായിച്ച നിയമത്തിന്റെ 13–ാം വകുപ്പിന്റെ ഉപവകുപ് 4–ന്റെ കീഴിലുള്ള അധികാരം വിനിയോഗിച്ച് ബാങ്കിന്റെ അധികാരപെടുത്തിയ ഉദ്യോഗസ്ഥൻ താഴെ വിവരിക്കുന്ന വാഹനം **07-05-2024 -ാം തീയതി** കൈവശപെടുത്തിയ വിവരം വായ്പാക്കാരനെയും പൊതുജനങ്ങളെയും ഈ നോട്ടീസ് പ്രകാരം അറിയിച്ചു കൊള്ളുന്നു.

വായ്പക്കാരനെ പ്രത്യേകിച്ചും പൊതുജനങ്ങളെ പൊതുവായി അറിയിക്കുന്നതെന്തെന്നാൽ താഴെപറയുന്ന വാഹനം വാങ്ങുകയോ, മറ്റ് ഇടപാടുകൾ നടത്തുകയോ ചെയ്യരുതെന്നും അങ്ങനെ ചെയ്യുന്ന ആൾ എച്ച്.ഡി.എഫ്.സി ബാങ്കിന് ലഭിക്കേണ്ടതായ **രൂപ 5,41,794/-** (രൂപ അഞ്ച് ലക്ഷത്തി നാൽപത്തിയൊന്നായിരത്തി എഴുനൂറ്റി തൊണ്ണൂറ്റി നാല് രൂപ ) യും ,07-05-2024 മുതൽ തുടർന്നുള്ള കുടിശ്ശികയായിട്ടുള്ള തുകയും പലിശയും മറ്റുചിലവുകളും നൽകുവാൻ ബാധ്യസ്ഥനായിരിക്കും.

വായ്പക്കാർക്ക് പണയ വസ്തുക്കൾ മേൽപറഞ്ഞ നിയമത്തിൻറെ സെക്ഷൻ 13,സബ് സെക്ഷൻ (8) പ്രകാരമുള്ള സമയം അനുവദനീയമാണ്

**ജംഗമ വസ്തുവിൻറെ വിവരണം)**

| | |
|---|---|
| വാഹനം : മാരുതി വാഗൺ R ZXI 1.2 | രെജി.നമ്പർ - KL74B6076 |
| നിർമ്മാതാക്കളുടെ പേര്: മാരുതി സുസുക്കി ഇന്ത്യ ലിമിറ്റഡ് | എഞ്ചിൻ നമ്പർ K12MN7649869 |
| ചേസിസ് നമ്പർ -MA3JMT81SMG526577 | ഇന്ധന തരം: പെട്രോൾ |
| മോഡൽ: വാഗൺ R -1.2 ZXI | നിറം: സുപ്പീരിയർ വൈറ്റ് |

തീയതി : 07-05-2024
സ്ഥലം : തിരുവനന്തപുരം

ഒപ്പ്. അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ,
എച്ച്. ഡി. എഫ്. സി. ബാങ്ക് ലിമിറ്റഡ്

**AXIS BANK LTD**

**Public Notice for-E-Auction of pledged assets being Gold Ornaments**

The Borrowers, in specific and the public in general are hereby notified that public auction of the gold ornaments pledged in the below accounts is proposed to be conducted by the Axis Bank at the below mentioned Branch.

The below mentioned Borrowers have availed the credit facility from the Axis Bank Limited against the pledge of gold ornaments ("Gold Loan Facility") in favour of the Bank towards the security. The Demand notices were issued to the Borrowers/Guarantors calling upon the Borrowers/Guarantors to pay their outstanding amount towards the Gold loan facility availed. As the Borrowers/Guarantors have failed to repay the outstanding loan amount, the bank is constrained to invoke the pledge and proposed to conduct an e-auction sale of pledged gold ornaments more particularly described in schedule of property. **hereunder on 24.05.2024 - Friday, at 12.30 PM to 3.30 PM on "As Is Where Is", "As Is What Is","Whatever There Is" and "No Recourse Basis".**

**DETAILS OF BORROWERS AND OUTSTANDING AMOUNT**

| S No. | Branch Name | Customer Name | Loan A/c No. | Amount Outstanding Rs. | Date of Demand Notice | Gross Weight (gms) | Net Weight (gms) |
|---|---|---|---|---|---|---|---|
| 1 | KARAMANA, THIRUVANANTHAPURAM [KT] | SHYMON JINO RETHNARAJ | xxxxxxxxxxx94542 | 45081 | 28-12-2023 | 11.000 | 10.600 |
| 2 | ATTINGAL [KL] | SAJEEV M | xxxxxxxxxxx42292 | 42242 | 22-03-2024 | 10.080 | 10.000 |
| 3 | ANCHAL KOLL KL | VINEETH N R | xxxxxxxxxxx62969 | 34351 | 28-12-2023 | 8.140 | 8.000 |
| 4 | SASTHAMANGALAM TRIV KL | ANANDU P | xxxxxxxxxxx18975 | 153584 | 15-02-2024 | 39.400 | 39.100 |

**Axis Bank Ltd. has the authority to remove account/change the auction date without any prior notice. Auction will be held online https://gold.samil.in (website of online vendor) between 12.30 PM to 3.30 PM**
**For detailed Terms and conditions, please log into given website https://gold.samil.in (website of online vendor)**

Place : Kerala

**Authorized Officer,**
**Axis Bank ltd.**

TATA

**ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്**

രജി.ഓഫീസ്: 11ാം നില, 5വർ എ, പെനിൻസുല ബിസിനസ് പാർക്ക്, ഗണപതിറാവു കദം മാർഗ്, ലോവർ പരേൽ, മുംബൈ - 400013. ബ്രാഞ്ച് വിലാസം: ടാറ്റാ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്, ഗ്രൗണ്ട് ഫ്ലോർ, ജെയിൻ ടവർ 2, എൻഎച്ച് 17, ലുലു മാളിനു സമീപം, കൊച്ചി 682024, കേരളം.

**സ്ഥാവര വസ്തുക്കൾ വിൽക്കുന്നതിനുള്ള അറിയിപ്പ്**

**2002ലെ സെക്യൂരിറ്റി ഇൻറെറസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് - റൂൾ 9(1) നൊപ്പം റൂൾ 8(6) പ്രകാരം**

സെക്യൂരെറ്റേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് സെക്യൂരിറ്റി ഇൻറെറസ്റ്റ് ആക്ട് 2002, സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് റൂൾ 9 (1) നൊപ്പം റൂൾ 8(6) വ്യവസ്ഥയനുസരിച്ചു സ്ഥാവര ആസ്തികൾ വിൽക്കു ന്നതിനു ള്ള ഇ-ലേല വിൽപ്പന അറിയിപ്പ്.

ഈ നോട്ടീസ് പ്രകാരം പൊതുവെ പൊതുജനങ്ങൾക്കും, പ്രത്യേകിച്ച് താഴെപ്പയുന്ന വായ്പക്കാർക്കും/സഹവായ്പക്കാരനും അല്ലെങ്കിൽ അവരുടെ നിയമപരമായ അവകാശികൾ/പ്രതിനിധികൾ (വായ്പക്കാർ) ക്കും അറിയിക്കുന്നത് താഴെ വിവരിച്ചിരിക്കുന്ന സ്ഥാവര സ്വത്ത് **ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡിൻറെ (ടിസിഎച്ച്എഫ്എൽ),** അംഗീകൃത ഓഫീസർ കൈക്കലാക്കിയ കൈവശം, 'എവിടെയുണ്ടോ' അവിടെ, എങ്ങനെയാണോ അങ്ങിനെ എന്താണോ അതുപോലെ എന്ന വ്യവസ്ഥയിൽ താഴെപ്പറയുന്ന വായ്പക്കാരിൽ നിന്നും സഹവായ്പക്കാരിൽ നിന്നുമുള്ള കുടിശ്ശികകൾ ഈടാക്കുന്നതിന് വീണ്ടെടുപ്പില്ലാത്ത വിധത്തിൽ 30-05-2024 ന് വിൽക്കുന്നതായിരിക്കും, കരുതൽ തുകയും നിരതദ്രവ്യവും ചുവടെ പരാമർശിച്ചിരിക്കുന്നു. വിൽപന നീട്ടിവെക്കുകയോ / നിർത്തലാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ, പ്രസ്തുത സുരക്ഷിതമായ ആസ്തി/വസ്തു **30-05-2024 ന് ഉച്ചയ്ക്ക് 2.00 മണിക്ക്** ഇലേലം വഴി വിൽക്കുന്നതായിരിക്കും. ഇലേലത്തിൽ പങ്കെടുക്കുന്നതിനുള്ള നിരതദ്രവ്യത്തിൻറെ ഡിമാൻഡ് ഡ്രാഫ്റ്റ് അടങ്ങിയ സീൽ ചെയ്ത കവർ ടിസിഎച്ച്എഫ്എൽ ന്റെ അംഗീകൃത ഓഫീസർക്ക് **29-05-2024 ന് വൈകുന്നേരം 5.00** മണി വരെയോ അതിനു മുമ്പോ **ടാറ്റ ക്യാപിറ്റൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ്,** ഗ്രൗണ്ട് ഫ്ലോർ ജെയിൻ ടവർ-2, ലുലു മാളിന് സമീപം, ഇടപ്പള്ളി, കൊച്ചി 682024, കേരളം